# SRES-NFIR-INTUC

പ്രിയമുള്ള തൊഴിലാളി സുഹൃത്തുക്കളെ,

1918ന് പെരമ്പൂരിൽ ആരംഭിക്കുകയും ദേശീയ പ്രക്ഷോഭത്തിൽ നേരിട്ട് പങ്കെടുത്ത പാരമ്പര്യമുള്ള റെയിൽവേയിലെ ഏക തൊഴിലാളി സംഘടനയാണ് SRES. 1927ൽ ഗാന്ധിജി അടിസ്ഥാന ശില പാകി നിർമ്മാണോദ്ഘാടനം ചെയ്ത പെരമ്പൂർ യൂണിറ്റി ഹൗസ് ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന SRES ഒരു നൂറ്റാണ്ടായി കർമ്മപഥത്തിൽ തൊഴിലാളികളാൽ നയിക്കപ്പെടുന്നു. NFIR ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന SRES നാളിതുവരെ തൊഴിലാളികളുടെ നന്മമാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി മുന്നിൽ നിന്ന് പോരാടിയ ചരിത്രമാണ് SRES ന് ഉള്ളത്.

NPS ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങളും, എല്ലാ ജീവനകാർക്കും AC പാസ് എന്ന സ്വപ്നം സാക്ഷാത്കരിച്ചതും, ട്രാക്ക്മാൻമാരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താൻ ട്രാക്മാൻ കമ്മിറ്റി റിപ്പോർട്ടും, ശതമാന അടിസ്ഥാനത്തിൽ ഇൻക്രിമെന്റും, സുരക്ഷാനുബന്ധ ജീവനക്കാർക്ക് റിസ്ക് & ഹാർഡ്ഷിപ്പ് അലവൻസും, ഗേറ്റ് ലോഡ്ജുകളിൽ അടിസ്ഥാന സൗകര്യങ്ങളും, സ്റ്റേഷൻ മാസ്റ്റർമാർക്ക് ഗ്രേഡ് പേ 4200/- ന് സമാനമായ എൻട്രി പേയും, ടെക്നീഷൻമാർക്ക് 2016 ലെ കേഡർ റീസ്ട്രക്ചറിംഗിലൂടെ അധിക പ്രമോഷനും, AC സ്റ്റാഫിന്റെ OT, TTE മാരുടെ അഭിമാനത്തെ ചോദ്യംചെയ്യുന്ന രീതിയിൽ പ്ലാറ്റ്ഫോമുകളിൽ അനൗൺസ്മെന്റ് ചെയ്യുവാനുള്ള റെയിൽ ബോർഡ് തീരുമാനത്തെ ചെറുത്തു തോൽപ്പിക്കുകയും, ലോക്കോ പൈലറ്റുമാരുടെ സ്പാഡ് കേസിൽ ക്യാപ്പിറ്റൽ പണിഷ്മെന്റ് ഒഴിവാക്കിയതും, റണ്ണിംഗ് അലവൻസ് നിലനിർത്തി പോരുന്നതും, വനിതാ ജീവനക്കാരുടെ CCL തുടങ്ങി റെയിൽവേയിലെ സമസ്ത മേഖലയിലേയും തൊഴിലാളികളുടെ ആവശ്യങ്ങൾ മുന്നിൽ നിന്ന് പോരാടി നേടിയ ഏക ഫെഡറേഷൻ NFIR ആണ്.

ദക്ഷിണ റെയിൽവേയിൽ മേൽപറഞ്ഞ പലകാര്യങ്ങളിലും നടപ്പിലാക്കുന്നതിലെ അനാസ്ഥ കുറച്ചൊന്നുമല്ല. ഗേറ്റ് ലോഡ്ജുകളിലെ 8 മണിക്കൂർ ജോലി നടപ്പിലാക്കാൻ നീണ്ട നിയമ പോരാട്ടം തന്നെ SRES ന് വേണ്ടിവന്നു. തത്ഫലമായി ആലപ്പുഴയിൽ 8 മണിക്കൂറിലധികം ജോലി ചെയ്യേണ്ടി വന്ന ഗേറ്റ് കീപ്പർമാർക്ക് ലക്ഷക്കണക്കിന് രൂപ OT നൽകാൻ ഉത്തരവ് നേടിയെടുത്തത് SRES ന്റെ പ്രവർത്തന വിജയമാണ്.

LARSGESS പ്രകാരമുള്ള നിയമനങ്ങൾ തടയുവാൻ കോടതികൾ കയറിയിറങ്ങിയ യുവജന വിപ്ലവ സംഘടന, ജീവനക്കാരുടെ പ്രതീക്ഷകളെയാണ് അവസാനിപ്പിച്ചത്. ആക്ട് അപ്രന്റീസ്സുകളുടെ ഭാവി തുലാസിലാക്കി ലക്ഷങ്ങൾ പിരിച്ച് സ്വന്തമാക്കിയ ചുവപ്പൻ സംഘടനയുടെ പ്രവർത്തനങ്ങൾ ജീവനക്കാർ തിരിച്ചറിഞ്ഞു കഴിഞ്ഞു. 2008 ലെ തെരഞ്ഞെടുപ്പിൽ ഒരു ലക്ഷത്തിൽപരം തൊളിലാളികൾ പങ്കെടുത്തപ്പോൾ 2013 ലെ തെരഞ്ഞെടുപ്പിൽ അത് 87000 ത്തോളം ആയി. DREUഅംഗീരത്തിലിരുന്ന 5 വർഷം കൊണ്ട് 13000 പോസ്റ്റുകൾ സറണ്ടർ ചെയ്തു എന്ന് സാരം. സാലറി ചലഞ്ച് എന്ന പേരിൽ ഒരു മാസത്തെ ശമ്പളം പാർട്ടി നേതാക്കളുടെ ആർഭാടത്തിന് നൽകുവാൻ ആവശ്യപ്പെട്ട ഇവരുടെ തൊഴിലാളി സ്നേഹം നമ്മൾ കണ്ടതാണ്. SRES-NFIR നിരന്തര പോരാട്ടത്തി

Scanned with CamScanner

ലൂടെ നേടിയെടുത്ത അവകാശങ്ങൾ NFIR വെബ്സൈറ്റിൽ നിന്നും അടിച്ചുമാറ്റി സ്വന്ത മാക്കുന്ന DREU ക്കാരന് സതേൺ റെയിൽവേയ്ക്കപ്പുറം റെയിൽവെ ഉണ്ടെന്നറിയാമോ?. NPS ന് എതിരെ ഘോരഘോരം പ്രസംഗിക്കുന്ന DREU കേരള സർക്കാർ NPS ജീവനക്കാ രുടെ ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് കാണുന്നില്ലേ.

7-ാം ശമ്പള കമ്മീഷൻ ജീവനക്കാരുടെ അടിസ്ഥാന ശമ്പള വർദ്ധനയും ആനുകൂ ല്യങ്ങളും നിഷേധിച്ചപ്പോൾ കേന്ദ്ര സർക്കാർ ജീവനക്കാർ NJCA യുടെ നേതൃത്വത്തിൽ ദേശീയ പണിമുടക്കിന് തയ്യാറായി, പക്ഷെ സ്വന്തം നേതാക്കളുടെ CBI കേസ്സുകൾ ഒഴി വാക്കുവാൻ ദേശീയ പണി മുടക്കിനെ ഒറ്റിക്കൊടുത്ത കരിങ്കാലി മസ്ദൂർ, ജീവനക്കാരെ വഞ്ചിച്ചു. ജീവനക്കാരുടെ അദ്ധ്വാനത്തിന്റെ നല്ലൊരു പങ്കും പിടിച്ചു പറിച്ചു ശീലിച്ചവർ, CCM/COM റോസ്റ്റർ നടപ്പിലാക്കിയതും ആക്ട് അപ്രന്റീസുകളുടെ ഭാവി തുലാസിലാക്കിയ തുമടക്കം ജീവനക്കാരെ വഞ്ചിക്കുന്നതിൽ ഈ കൂട്ടർ മുൻപന്തിയിലാണ്. മസ്ദൂർ നേ താക്കളായ ജോർജ്ജ് ഫെർണാണ്ടസ്സും ഉംറാവുൾ പുരോഹിതും NPS ന്റെ കാര്യത്തിൽ കാണിച്ച വഞ്ചന ജീവനക്കാർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ട്രാൻസ്ഫറും പ്രമോഷനുകളും നൽകുവാൻ പതിനായിരങ്ങൾ നേതാക്കന്മാർക്കു കൈക്കൂലി നൽകേണ്ട അവസ്ഥയി ലാണ്. ജീവനക്കാരിൽ നിന്നും പിടിച്ചുപറിക്കുന്നതാണ് തൊഴിലാളി പ്രവർത്തനം എന്ന് കരുതുന്ന കരിങ്കാലി മസ്ദൂറിനെ പരാജയപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്ക് ജീവനക്കാർ തയ്യാറായി കഴിഞ്ഞു.

ദക്ഷിണ റെയിൽവേയിൽ എല്ലാ ജീവനക്കാരും അംഗീകാര യൂണിയന്റെ വേട്ടയാ ടൽ അല്ലെങ്കിൽ അധികാരികളുടെ ഭീഷണിയിലും ജീവിക്കുകയാണ്. ജോലിസ്ഥലത്ത് വനിതാ ജീവനക്കാർ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ, പുരുഷ, വനിതാ ജീവനക്കാർ ക്ക് ഒരേ മുറിയിൽ വിശ്രമിക്കേണ്ട അവസ്ഥ, അനാവശ്യ ചാർജ്ജ് ഷീറ്റുകൾ, അർഹമായ പ്രമോഷനുകളും ട്രാൻസ്ഫറുകളും നിഷേധിക്കുക, 8 മണിക്കൂർ ജോലി അനുവദിക്കാ തിരിക്കുക, റെയിൽവെ സർവ്വീസിൽ പ്രവേശിച്ച പോർട്ടർമാർക്ക് മുൻകാല സർവ്വീസ് കണക്കാക്കുന്നതിന് അംഗീകാരം നൽകാതിരിക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾ പരി ഹരിക്കാനുണ്ട്. **ഇന്ന് നമ്മുടെ റെയിൽവേ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയായ സ്വകാര്യ വൽക്കരണത്തിനെതിരെ വലുപ്പചെറുപ്പമില്ലാതെ മുഴുവൻ തൊഴിലാളി സംഘടനകളേയും ഒരു കുടകീഴിൽ അണിനിരത്തി പോരാടുവാൻ SRES അംഗീകാര ത്തിൽ എത്തേണ്ടത് അത്യന്താപേക്ഷിതമാണ്.**

അനവധി സമര പോരാട്ടങ്ങളിലൂടെ റെയിൽവെ ജീവനക്കാർ നേടിയെടുത്ത അവ കാശങ്ങളും ആനുകൂല്യങ്ങളും നില നിർത്തേണ്ടത് ഓരോ റെയിൽവേ ജീവനക്കാരന്റേയും കടമയാണ്. അഴിമതിക്കാരെയും വിപ്ലവ വായാടികളെയും മനസ്സിലാക്കുവാനും ഒറ്റപ്പെടു ത്തുവാനും നമ്മൾക്ക് ലഭിക്കുന്ന സുവർണ്ണാവസരമാണ് നടക്കുവാൻ പോകുന്ന റഫറണ്ടം. SRES ജീവനക്കാരാൽ അംഗീകരിക്കപ്പെട്ടാൽ റെയിൽവെ ബോർഡിന്റെ ഉത്തരവുകൾ താമസം കൂടാതെ നടപ്പിലാക്കുവാനും, സുതാര്യമായ ട്രാൻസ്ഫറുകളും, അർഹമായ പ്രമോഷനുകളും നേടിയെടുക്കുവാനും ജീവനക്കാരോടൊപ്പം ഉണ്ടാകുമെന്ന് ഉറപ്പു നൽകുന്നു. വരുന്ന റഫറണ്ടത്തിൽ SRES ന് വോട്ടുകൾ നൽകി അംഗീകാര യൂണിയനായ് തിരഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

C. No.
1000-A

# VOTE FOR SRES

**SRES - NFIR - INTUC സിന്ദാബാദ്**

**For more details Visit : nfirindia. org & sresindia.org**

Scanned with CamScanner